## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1419 20.01.2014 - ൽ മറുപടിക്ക്**

# റോഡ് യൂസർ പെർസപ്ഷൻ സർവ്വേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എം.എ.വാഹിദ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ.എസ്.റ്റി.പി. റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിലുള്ള റോഡുകളെ ഉൾപ്പെടുത്തി റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തുവാൻ വേണ്ടി M/s.Sherwood Technocrats & Consultant എന്ന കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. ഈ പഠനം ഇപ്പോൾ അവസാന ഘട്ടത്തിലാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ നിലവിലുള്ള അവസ്ഥയെ (വികസിപ്പിക്കുന്നതിന് മുമ്പുള്ള) പറ്റി ജനങ്ങളുടെ നിർദ്ദേശങ്ങൾ സമാഹരിക്കുന്നതിന് വേണ്ടിയാണ് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തുന്നത്. റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് ആണ് അഭിപ്രായശേഖരണം നടത്തുന്നത്. റോഡുപണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ |

കണ്ടെത്തലുകളുമായി താരതമ്യം ചെയ്യുന്നതിനുവേണ്ടിയാണ് ഈ സർവ്വേ നടത്തുന്നത്. ഭാവിയിൽ പൊതുമരാമത്ത് റോഡുകളിലേയ്ക്കും വേണ്ടി റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനും കൂടിയാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.

| | |
|---|---|
| (സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) ജനഹിതം അറിയുവാനായി എല്ലാ വിഭാഗത്തിലുമുള്ള ഉപയോക്താക്കളുടെയും സാമ്പിൾ സർവ്വേ നടത്തുന്നുണ്ട്. ആയതിലേക്കായി പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ചോദ്യാവലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും, സാമ്പത്തികവും, പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും, നിലവിലുള്ള പ്രോജക്ട് റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം, എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗ രീതികളും എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) Baseline Road User Perspective Survey നടത്തുന്നതിലേയ്ക്കായി 27.08.2013 -ൽ M/s.Sherwood Technocrats & Consultants Pvt. Limited എന്ന കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പഠനം പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ